LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 5-9-2013 ലെ സ.ഉ. (സാധാ) നമ്പർ 1185/2011/പൊ.മ.വ. ഉത്തരവ് പ്രകാരം താനൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 343.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 2-12-2013-ൽ പ്രസ്തുത പ്രവൃത്തിക്ക് 343.50 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 11-3-2014-ൽ ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. 25-9-2014-ലെ സ.ഉ. (സാധാ) നമ്പർ 1344/2014/പൊ.മ.വ. ഉത്തരവ് പ്രകാരം, പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് മൃഗാശുപത്രി കെട്ടിടം സ്ഥിതി ചെയ്യുന്നതിനാൽ ഈ കെട്ടിടം പൊളിച്ചു മാറ്റാൻ ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മൃഗാശുപത്രി കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് പൊളിച്ചു നീക്കുന്ന മുറയ്ക്ക്, കരാറുകാരന് സൈലക്ഷൻ നോട്ടീസ് നൽകി, കരാർ വച്ചശേഷം 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും.

റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് പരിഗണന

227 (4859) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം പരിഗണനയാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കിലോമീറ്റർ റോഡാണ് ഈ ശൃംഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പുതുതായി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് പരമാവധി ബി.എം. & ബി.സി പ്രതലമാണ് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് നിശ്ചിത കാലയളവിലേക്കുള്ള ഗ്യാരണ്ടിയും നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിലെ

റോഡുകളുടെ വികസനത്തിന് മുന്തിയ പരിഗണന നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ലോകബാങ്ക് ധനസഹായത്തോടെ കെ.എസ്.ടി.പി. പദ്ധതി നിലവിൽ വന്നത്. കെ.എസ്.ടി.പി.-ഒന്ന് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 254 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുകയും 1200 കി.മീ. റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്ത് വികസനം പൂർത്തിയാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ കേരളത്തിലെ തെരഞ്ഞെടുത്ത 363 കി.മീ. ദൈർഘ്യമുള്ള 6 പ്രധാന റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ദേശീയപാതകളായ എൻ.എച്ച്. 47 ഉം-എൻ.എച്ച്.17 ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ പൂർണ്ണ സഹകരണം നൽകി പദ്ധതി സാക്ഷാത്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് 5 ദേശീയപാതകളായ എൻ.എച്ച്. 49, എൻ.എച്ച്.208, എൻ.എച്ച്.212, എൻ.എച്ച്.213, എൻ.എച്ച്.220, എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി ഘട്ടംഘട്ടമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യപടിയായി പ്രസ്തുത പദ്ധതികൾക്കുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചു വരുന്നു.

കൊരട്ടി ജംഗ്ഷനിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി നടപടി

228 (4860) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ജംഗ്ഷനിൽ നാലുവരിപ്പാതയുടെയും, റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണം പൂർത്തിയാക്കിയെങ്കിലും നിലവിൽ ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്കും, അപകടസാധ്യതകളും ഒഴിവാക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) മുരിങ്ങൂർ ഡിവൈൻ നഗർ റെയിൽവേ മേൽപ്പാലത്തിൽ നടപ്പാത നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊരട്ടി റെയിൽവേ മേൽപ്പാലം നിർമ്മാണത്തോടനുബന്ധിച്ച് അപ്രോച്ച് റോഡ് നാഷണൽ ഹൈവേയിൽ ചേരുന്ന ജംഗ്ഷൻ വിപുലീകരിച്ച് നിർമ്മിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly